**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

**നം: DES/1251/2025-VIG** **തീയതി: 18-03-2025**

# സർക്കുലർ

വിഷയം :- ഡി.ഇ.എസ് – വിജിലൻസ്– സമൂഹമാധ്യമങ്ങൾ വഴി സർക്കാരിനെയും, വകുപ്പിനെയും വിമർശിക്കുന്നത് – തുടർ നിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന :- 31/01/2017 ലെ 78/ ഉപ.സി.2/2017/ഉ ഭ പ വ നമ്പർ സർക്കുലർ

1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടങ്ങൾ 56, 60(a) പ്രകാരം സർക്കാർ രേഖകൾ പങ്ക് വയ്ക്കുന്നതും സർക്കാർ വിരുദ്ധ പ്രചരണങ്ങളിൽ ഏർപ്പെടുന്നതും പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

വകുപ്പിലെ ജീവനക്കാർ 'ഗ്രൂപ്പ് അഡ്മിൻ' ആയിട്ടുള്ള പല വാട്സ്ആപ്പ് കൂട്ടായ്മകളിലും വകുപ്പിന്റെ പല ഫയലുകളിലെ നടപടികളെ വക്രീകരിച്ചുകൊണ്ടും പരിഹാസരൂപേണ വിമർശിച്ചുകൊണ്ടും വകുപ്പിലെ പല ഉദ്യോഗസ്ഥരെയും വ്യക്തിപരമായി അധിക്ഷേപിച്ചുകൊണ്ടും നിരവധി സന്ദേശങ്ങൾ പോസ്റ്റ് ചെയ്യുന്നതായും ഫയലുകളിലെ രേഖകൾ, വകുപ്പിലെ ജീവനക്കാർ അല്ലാത്തവരും ഉൾപ്പെടുന്ന, പ്രസ്തുത കൂട്ടായ്മകളിൽ പങ്കുവയ്ക്കപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, ഇത്തരത്തിലുള്ള രേഖകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾക്കും എത്തിച്ച് പ്രചരിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഗുരുതരമായ അച്ചടക്ക ലംഘനമാകയാൽ ആയത് ഗൗരവമായി വകുപ്പ് നിരീക്ഷിച്ച് വരുന്നു. ഇത്തരത്തിലുള്ള ചില പോസ്റ്റുകൾ ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

വകുപ്പിലെ ജീവനക്കാർ ഇത്തരം സന്ദേശങ്ങൾ സമൂഹമാധ്യമങ്ങൾ വഴി പങ്കുവയ്ക്കുന്നതും, 'ഗ്രൂപ്പ് അഡ്മിൻ'/അംഗങ്ങൾ ആയിട്ടുള്ള സമൂഹമാധ്യമ കൂട്ടായ്മകളിൽ ഇത്തരം സന്ദേശങ്ങൾ നിയന്ത്രിക്കാതെ പ്രോത്സാഹനം നൽകുന്നതും 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളുടെ ലംഘനമായി കണക്കാക്കുന്നതാണ്. അത്തരം ജീവനക്കാർക്കെതിരെ സൂചന

സർക്കുലറിലെ നിർദേശപ്രകാരം ഉചിതമായ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാർ ഇത്തരം നിയമവിരുദ്ധ നടപടികളിൽ ഏർപ്പെടുന്നതും വകുപ്പിലെ ഔദ്യോഗിക രേഖകൾ ദുരുപയോഗം ചെയ്യുന്നതും ഗൗരവമായി കണ്ട് ഉചിതമായ നിയമനടപടികൾക്ക് ശിപാർശ ചെയ്തുകൊണ്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമാണ്.

DIRECTOR

Signed by
Sreekumar B
Date: 18-03-2025 16:02:59

ലൈൻ ഡിപ്പാർട്ടുമെന്റുകൾ ഉൾപ്പെടെയുള്ള
വകുപ്പിലെ എല്ലാ ജീവനക്കാർക്കും.

പകർപ്പ്:-

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അഡീഷണൽ ഡയറക്ടർമാർ എന്നിവരുടെ സി.എ/ജോയിന്റ് ഡയറക്ടർമാർ
2. ആസ്ഥാനകാര്യാലയത്തിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
3. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
4. എല്ലാ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർക്കും
5. നോട്ടീസ് ബോർഡ്/ വെബ് സൈറ്റ്